**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2392** **27-10-2026-ൽ മറുപടിയ്ക്ക്**

**പവർ കട്ട്**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. ടി. എം. ശശി

**മറുപടി നൽകിയ മന്ത്രി**

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് നടന്നു വരുന്ന പവർ കട്ട് എല്ലാ വിഭാഗം ജനങ്ങളെയും ബാധിച്ചിട്ടുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**മറുപടി:** 2026 ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ ചില ദിവസങ്ങളിൽ ഗ്രിഡ് സുരക്ഷ ഉറപ്പാക്കുന്നതിനായി വൈദ്യുതി നിയന്ത്രണം നടപ്പാക്കേണ്ടി വന്നിട്ടുണ്ട്. ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** സംസ്ഥാനത്തിന് പുറത്തു നിന്നും അധിക വൈദ്യുതി വാങ്ങുന്നത് കൂടിയ നിരക്കിലാണോ?

**മറുപടി:** എൽനിനോ പ്രതിഭാസത്തെ തുടർന്ന് മുൻവർഷങ്ങളെ അപേക്ഷിച്ച് വൈദ്യുതി ആവശ്യകതയിൽ ഉണ്ടായ അസാധാരണമായ വർദ്ധനവ് കാരണവും, 2023 ൽ ദീർഘകാല പവർ പർച്ചെയ്സ് കരാർ റദ്ദ് ചെയ്തത് മൂലവും നടപ്പ് സാമ്പത്തിക വർഷം സെപ്റ്റംബർ മാസം വരെ പവ്വർ എക്സ്ചേഞ്ചുകളിൽ നിന്ന് 2302.39 ദശലക്ഷം യൂണിറ്റ് വൈദ്യുതി യൂണിറ്റിന് ശരാശരി 4.72 രൂപ നിരക്കിൽ വാങ്ങിയിട്ടുണ്ട്. പീക്ക് സമയങ്ങളിൽ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി പവ്വർ എക്സ്ചേഞ്ചുകളിൽ നിന്ന് യൂണിറ്റിന് 10 രൂപ വരെ നിരക്കിൽ വൈദ്യുതി വാങ്ങേണ്ടി വന്നിട്ടുണ്ട്.

**(സി)** എങ്കിൽ പ്രസ്തുത അധിക ബാധ്യത ജനങ്ങളെ ബാധിക്കാതിരിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

**മറുപടി:** വൈദ്യുതി വാങ്ങലിനുണ്ടാകുന്ന ചെലവ് ഉപഭോക്താക്കൾക്ക് മേൽ വരുന്നത് പരമാവധി കുറയ്ക്കുന്നതിനായി, വൈദ്യുതി വിപണി കൃത്യമായി വിലയിരുത്തി, ലഭ്യമായ വിവിധ സ്രോതസ്സുകളിൽനിന്ന് പരമാവധി കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമാക്കുന്നതിനും അത് വഴി വൈദ്യുതി വാങ്ങൽ ചെലവ് നിയന്ത്രിക്കുന്നതിനും ശ്രമിക്കുന്നു.

**സെക്ഷൻ ഓഫീസർ**